**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 700** **05-10-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്ക് തട്ടിപ്പുകൾ അവസാനിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | **Shri. V. N. Vasavan**<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കരുവന്നൂർ ബാങ്ക് തട്ടിപ്പിന്ശേഷം സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ പുതുതായി ഏതെങ്കിലും തരത്തിലുള്ള ക്രമീകരണങ്ങൾ സഹകരണ ബാങ്ക് മേഖലയിൽ കൊണ്ടുവരാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. സഹകരണ ആഡിറ്റ് ഡയറക്ടർ തസ്തികയിൽ ഇന്ത്യൻ ആഡിറ്റ് ആന്റ് അക്കൗണ്ട്സ് സർവ്വീസിലെ ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംഘങ്ങളെ ഗ്രൂപ്പുകളായി തിരിച്ച് ഗ്രൂപ്പിൽ ഉൾപ്പെടുന്ന സംഘങ്ങളുടെ പ്രവർത്തന വ്യാപ്തിക്ക് അനുസരിച്ച് ആവശ്യമായ തസ്തികയിൽ ഉള്ള ആഡിറ്റർമാരുടെ ടീം രൂപീകരിക്കുകയും ടീം ആഡിറ്റ് നടത്തുന്നതിനും എല്ലാതരം സംഘങ്ങളിലും ടീം ആഡിറ്റ് സമ്പ്രദായം നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കേരള സർവ്വീസ് റൂൾസ് 156 പ്രകാരം സംഘങ്ങൾ ആഡിറ്റർമാരുടെ തസ്തിക നിശ്ചയിച്ച് തീരുമാനമെടുത്ത് കോസ്റ്റ് അടയ്ക്കുന്ന രീതിക്ക് മാറ്റം വരുത്തി സംഘത്തിന്റെ പ്രവർത്തന വ്യാപ്തിക്ക് അനുസരിച്ച് ആഡിറ്റ് ഫീസ് നിശ്ചയിക്കുകയും, പ്രസ്തുത ആഡിറ്റ് ഫീസ് പ്രത്യേക ഫണ്ടിലേക്ക് സ്വീകരിച്ച് കൊണ്ട് ആഡിറ്റർമാർക്ക് ശമ്പളം ലഭ്യമാക്കുന്ന തരത്തിൽ പുതിയ സംവിധാനം നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനും സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിന് സഹകരണവകുപ്പ് ആരംഭിച്ചിട്ടുള്ള നടപടികൾ പരമാവധി വേഗത്തിൽ പൂർത്തീകരിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സംഘങ്ങളിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയർ സംബന്ധിച്ച് പരിശീലനം നൽകുന്നതിനും ആഡിറ്റ് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി സഹകരണ നിയമം, ചട്ടം, ആഡിറ്റ് മാന്വൽ എന്നിവയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും, സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. സംഘങ്ങളിൽ നിലവിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായവും, നിലവിലുള്ള ആഡിറ്റ് |

| | | | |
|---|---|---|---|
| | | | നോട്ട്, ആഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവയും കാലോചിതമായും, ആധുനിക അക്കൗണ്ടിംഗ് രീതികൾക്കും, കമ്പ്യൂട്ടർ അധിഷ്ഠിത അക്കൗണ്ടിംഗ്, ആഡിറ്റ് സമ്പ്രദായങ്ങൾക്കും അനുസരണമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ സംഘങ്ങളുടെ ഓഡിറ്റ് ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് സിസ്റ്റം രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഇതിനായി സഹകരണ ആഡിറ്റ് മോണിറ്ററിംഗ് സിസ്റ്റം സി-ഡിറ്റ് മുഖേന സഹകരണ വകുപ്പിൽ നടപ്പിലാക്കുന്ന ICDMS പ്രോജക്ടിൽ ഉൾപ്പെടുത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സ്പെഷ്യൽ ഡെഡിക്കേറ്റഡ് ടീം രൂപീകരിച്ച് അടിയന്തിരമായി പ്രവൃത്തി പൂർത്തിയാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത മോണിറ്ററിംഗ് സിസ്റ്റത്തിൽ ദീർഘകാലമായി ആഡിറ്റ് മുടങ്ങിയിരിക്കുന്ന സ്ഥാപനങ്ങൾ red flag ചെയ്യുന്നതിനും ഇത് സംബന്ധിച്ച് പതിവായി pop-up ലഭിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്. ഓഡിറ്റ് സംവിധാനം കുറ്റമറ്റതായി നടപ്പിലാക്കാൻ ഓഡിറ്റിംഗിന്റെ എല്ലാ മേഖലകളും ഉൾപ്പെടുത്തി വിപുലമായി ഒരുക്കുന്നതാണ് പ്രസ്തുത ഇ-പ്ലാറ്റ്ഫോം. |
| (ബി) | പഴുതടച്ചുള്ള നിരീക്ഷണങ്ങളും ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തലും ഈ മേഖലയിൽ കൊണ്ടുവരാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | ഉണ്ട്. സഹകരണ ആഡിറ്റ് ഡയറക്ടർ തസ്തികയിൽ ഇന്ത്യൻ ആഡിറ്റ് ആന്റ് അക്കൗണ്ട്സ് സർവ്വീസിലെ ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംഘങ്ങളെ ഗ്രൂപ്പുകളായി തിരിച്ച് ഗ്രൂപ്പിൽ ഉൾപ്പെടുന്ന സംഘങ്ങളുടെ പ്രവർത്തന വ്യാപ്തിക്ക് അനുസരിച്ച് ആവശ്യമായ തസ്തികയിൽ ഉള്ള ആഡിറ്റർമാരുടെ ടീം രൂപീകരിക്കുകയും ടീം ആഡിറ്റ് നടത്തുന്നതിനും എല്ലാതരം സംഘങ്ങളിലും ടീം ആഡിറ്റ് സമ്പ്രദായം നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കേരള സർവ്വീസ് റൂൾസ് 156 പ്രകാരം സംഘങ്ങൾ ആഡിറ്റർമാരുടെ തസ്തിക നിശ്ചയിച്ച് തീരുമാനമെടുത്ത് കോസ്റ്റ് അടയ്ക്കുന്ന രീതിക്ക് മാറ്റം വരുത്തി സംഘത്തിന്റെ പ്രവർത്തന വ്യാപ്തിക്ക് അനുസരിച്ച് ആഡിറ്റ് ഫീസ് നിശ്ചയിക്കുകയും, പ്രസ്തുത ആഡിറ്റ് ഫീസ് പ്രത്യേക ഫണ്ടിലേക്ക് സ്വീകരിച്ച് കൊണ്ട് ആഡിറ്റർമാർക്ക് ശമ്പളം ലഭ്യമാക്കുന്ന തരത്തിൽ പുതിയ സംവിധാനം നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനും സോഫ്റ്റ് |

| | | | |
|---|---|---|---|
| | | | വെയർ തയ്യാറാക്കുന്നതിന് സഹകരണവകുപ്പ് ആരംഭിച്ചിട്ടുള്ള നടപടികൾ പരമാവധി വേഗത്തിൽ പൂർത്തീകരിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സംഘങ്ങളിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയർ സംബന്ധിച്ച് പരിശീലനം നൽകുന്നതിനും ആഡിറ്റ് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി സഹകരണ നിയമം, ചട്ടം, ആഡിറ്റ് മാന്വൽ എന്നിവയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും, സർക്കുലർ നിർദ്ദേശങ്ങൾപുറപ്പെടുവിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. സംഘങ്ങളിൽ നിലവിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായവും, നിലവിലുള്ള ആഡിറ്റ് നോട്ട്, ആഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവയും കാലോചിതമായും, ആധുനിക അക്കൗണ്ടിംഗ് രീതികൾക്കും, കമ്പ്യൂട്ടർ അധിഷ്ഠിത അക്കൗണ്ടിംഗ്, ആഡിറ്റ് സമ്പ്രദായങ്ങൾക്കും അനുസരണമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ സംഘങ്ങളുടെ ഓഡിറ്റ് ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് സിസ്റ്റം രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഇതിനായി സഹകരണ ആഡിറ്റ് മോണിറ്ററിംഗ് സിസ്റ്റം സി-ഡിറ്റ് മുഖേന സഹകരണ വകുപ്പിൽ നടപ്പിലാക്കുന്ന ICDMS പ്രോജക്ടിൽ ഉൾപ്പെടുത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സ്പെഷ്യൽ ഡെഡിക്കേറ്റഡ് ടീം രൂപീകരിച്ച് അടിയന്തിരമായി പ്രവൃത്തി പൂർത്തിയാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത മോണിറ്ററിംഗ് സിസ്റ്റത്തിൽ ദീർഘകാലമായി ആഡിറ്റ് മുടങ്ങിയിരിക്കുന്ന സ്ഥാപനങ്ങൾ red flag ചെയ്യുന്നതിനും ഇത് സംബന്ധിച്ച് പതിവായി pop-up ലഭിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്. ഓഡിറ്റ് സംവിധാനം കുറ്റമറ്റതായി നടപ്പിലാക്കാൻ ഓഡിറ്റിംഗിന്റെ എല്ലാ മേഖലകളും ഉൾപ്പെടുത്തി വിപുലമായി ഒരുക്കുന്നതാണ് പ്രസ്തുത ഇ-പ്ലാറ്റ്ഫോം. |

സെക്ഷൻ ഓഫീസർ